# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1812 | 16.06.2014-ൽ മറുപടിയ്ക്ക്

**ഓപ്പറേഷൻ കുബേരയും നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കൂട്ട ആത്മഹത്യയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പാലോട് രവി | | ശ്രീ.രമേശ് ചെന്നിത്തല (ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | ഓപ്പറേഷൻ കുബേര പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ ഒഴികെയുള്ള മറ്റ് സർക്കാർ ഉദ്യോഗസ്ഥർ, അർദ്ധ സർക്കാർ ഉദ്യോഗസ്ഥർ, പൊതുമേഖലാ ഉദ്യോഗസ്ഥർ, സഹകരണ ജീവനക്കാർ എന്നിവരുടെ എണ്ണം എത്രയാണ്; | (എ) | 4 സർക്കാർ ഉദ്യോഗസ്ഥർ, 2 അർദ്ധ സർക്കാർ ഉദ്യോഗസ്ഥർ, 2 പൊതുമേഖലാ ഉദ്യോഗസ്ഥർ എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ നിന്നുള്ള ജീവനക്കാരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (ബി) | ഓപ്പറേഷൻ കുബേര പ്രകാരം എത്ര കോടി രൂപ കണ്ടെടുത്തിട്ടുണ്ട്; | (ബി) | ഓപ്പറേഷൻ കുബേര പ്രകാരം സംസ്ഥാനത്ത് 4,35,33,476(നാലു കോടി മുപ്പത്തി അഞ്ച് ലക്ഷത്തി മുപ്പത്തിമൂന്നായിരത്തി നാന്നൂറ്റി എഴുപത്തി ആറ്) രൂപ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ കിഴക്കേ മുക്കോല ഈഴക്കോട് എന്ന സ്ഥലത്ത് ഒരു കുടുംബത്തിലെ അഞ്ച് പേർ ആത്മഹത്യ ചെയ്തത് സംബന്ധിച്ച് പോലീസ് എത്ര കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര പേരെ അറസ്റ്റ് ചെയ്തു; | (സി) | 1 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിൽ 6 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| (ഡി) | ആത്മഹത്യയുടെ കാരണം പോലീസ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ആത്മഹത്യയുടെ കാരണം അന്വേഷിച്ചു വരികയാണ്. |
| (ഇ) | ആത്മഹത്യ ചെയ്തവരുടെ വീട് അന്യായമായി കൈവശപ്പെടുത്തിയതിന്റെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (ഇ) | ആത്മഹത്യ ചെയ്തവരുടെ വീട് അന്യായമായി കൈവശപ്പെടുത്തിയതിന്റെ പേരിൽ പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ആത്മഹത്യയ്ക്ക് രജിസ്റ്റർ ചെയ്ത കേസിൽ ഇക്കാര്യം ഉൾപ്പെടുത്തി അന്വേഷണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| (എഫ്) | ഉണ്ടെങ്കിൽ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (എഫ്) | ഇല്ല. പ്രതി ഒളിവിലായതിനാൽ അറസ്റ്റ് ചെയ്തിട്ടില്ല. |
| (ജി) | മരിച്ച പോയവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ? | (ജി) | ഈ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ